ഹൽഖാ അമീർ

# കാലത്തിന്റെ മുന്നിൽ നടന്ന നേതാവ്

**ബഹുമാന്യനായ** ഗുരുവര്യൻ മുഹമ്മദ് അബുൽ ജലാൽ മൗലവിയും അല്ലാഹുവിങ്കലേക്ക് യാത്രതിരിച്ചു - *ഇന്നാ ലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ.* കെ.എൻ അബ്ദുല്ല മൗലവിയുടെ വിയോഗത്തിന് തൊട്ടു പിന്നാലെയാണ് മറ്റൊരു കർമയോഗി കൂടി വിടപറയുന്നത് എന്നത് നമ്മെ ഏറെ വേദനിപ്പിക്കുന്നു. പണ്ഡിതനായ നേതാവിനെയും കർമധീരനായ വിദ്യാഭ്യാസ വിചക്ഷണനെയുമാണ് അബുൽ ജലാൽ മൗലവിയുടെ നിര്യാണം മൂലം നമുക്ക് നഷ്ടമായത്. 'വിശ്വാസികളായവരിൽ തങ്ങൾ അല്ലാഹുവുമായി ചെയ്ത പ്രതിജ്ഞ യാഥാർഥ്യമാക്കിക്കാണിച്ച ചിലരുണ്ട്. അവരിൽ ചിലർ തങ്ങളുടെ നേർച്ച പൂർത്തിയാക്കിക്കഴിഞ്ഞു. മറ്റു ചിലർ അവസരം കാത്തിരിക്കുകയാകുന്നു' (ഖുർആൻ 33: 23).

പുതിയ തലമുറയിൽപെട്ട പലർക്കും ചടുലതയുള്ള ഒരു പ്രസ്ഥാന പ്രവർത്തകനും നേതാവുമെന്ന നിലയിൽ മൗലവിയെ വേണ്ടത്ര അറിയാൻ കഴിഞ്ഞിട്ടുണ്ടാവില്ല. ജീവിതാന്ത്യത്തിലെ രണ്ട് പതിറ്റാണ്ട് കാലം പെരുമ്പിലാവ് അൻസാർ സ്ഥാപന സമുച്ചയത്തിന്റെ ഭരണവുമായും വളർച്ചയുമായും ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്നുവല്ലോ അദ്ദേഹം. ചില സന്ദർഭങ്ങളിൽ പ്രസ്ഥാന പ്രവർത്തകർ തന്നെ തിരിച്ചറിയാതെ പോയതും പുതിയ തലമുറയിൽപെട്ട നേതാക്കളുടെ കെയർ ഓഫിൽ പരിചയപ്പെടുത്തേണ്ടിവന്നതുമായ അനുഭവം നർമം കലർത്തി പല വേദികളിലും മൗലവി വിവരിക്കാറുണ്ടായിരുന്നു. ജമാഅത്തെ ഇസ്‌ലാമി കേരള ശൂറയിലും കേന്ദ്ര പ്രതിനിധിസഭയിലും അംഗമായിരുന്ന മൗലവി കൊച്ചിയിലും പരിസര പ്രദേശങ്ങളിലും മുഴുസമയ പ്രവർത്തകനായും സേവനം ചെയ്തിട്ടുണ്ട്.

ഖുർആൻ നന്നായി അറിയാമായിരുന്നു മൗലവിക്ക്. തിരൂർക്കാട് ഇലാഹിയാ കോളേജ് വിദ്യാർഥികളായ ഞങ്ങൾക്ക് ഇടക്കിടെ മൗലവിയിൽനിന്ന് വീണുകിട്ടുന്ന ഖുർആൻ ക്ലാസ്സുകൾ പുതിയ വെളിച്ചവും ആവേശവും നൽകിയിരുന്നു. ഇടക്കിടെയുണ്ടാവുന്ന വിദേശയാത്രകളും സ്ഥാപന ഭരണഭാരവും കാരണം വൈജ്ഞാനികമായി അദ്ദേഹത്തിൽനിന്ന് കിട്ടേണ്ടത് കിട്ടുന്നില്ലെന്ന് അന്നത്തെ ഹൽഖാ അമീർ കെ.സി അബ്ദുല്ല മൗലവിയെ കോളേജിലെ ഫൈനൽ വിദ്യാർഥികളായ ഞങ്ങൾ എഴുതി അറിയിച്ചിരുന്നു. അറബി വ്യാകരണവും സാഹിത്യവും മൗലവിക്കു നന്നായി വഴങ്ങുമായിരുന്നു. അയത്നലളിതമായ മലയാള ഭാഷാ ശൈലിയും അദ്ദേഹത്തിന് സ്വന്തമായുണ്ടായിരുന്നു. *നമസ്കാരം* പോലുള്ള അദ്ദേഹത്തിന്റെ രചനകൾ സ്ത്രീകൾക്കും കുട്ടികൾക്കും കൂടുതൽ ഇഷ്ടപ്പെട്ടതിന്റെ കാരണം ഭാഷയിലെ ലാളിത്യമാണ്.

അൻസാർ സ്ഥാപനങ്ങളുടെ ഭരണച്ചുമതലയേറ്റതിനു ശേഷം വിജ്ഞാനരംഗത്ത് തനിക്കാവുന്ന സംഭാവനകളർപ്പിക്കാൻ കഴിയുന്നില്ലല്ലോ എന്ന് അദ്ദേഹം പരിതപിക്കാറുണ്ടായിരുന്നു.

പണ്ഡിതനായ ഒരു നേതാവെന്ന നിലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നട്ട് നനച്ചു വളർത്താനായിരുന്നു എക്കാലത്തും അദ്ദേഹത്തിന്റെ നിയോഗം. 1955-ൽ മലപ്പുറത്ത് നടന്ന ജമാഅത്തെ ഇസ്‌ലാമി സമ്മേളനത്തിൽ പ്രസ്ഥാനത്തിനു കീഴിൽ ഒരു ഉന്നത കലാലയമുണ്ടാവണമെന്ന് തീരുമാനിക്കുകയും ശാന്തപുരം അതിനായി തെരഞ്ഞെടുക്കുകയും ചെയ്തശേഷം മൗലവി അവിടെ നിയോഗിക്കപ്പെടുകയായിരുന്നു. തന്റെ യുവത്വം സാഹസികമായ ഒരു കൃത്യത്തിന് ബലി നൽകുകയായിരുന്നു എന്നു പറയുന്നതാകും കൂടുതൽ ശരി. പ്രാദേശിക മദ്റസ, കോളേജായി വളർന്നതും മത-ഭൗതിക വിജ്ഞാനീയങ്ങളെ സമന്വയിപ്പിച്ചുകൊണ്ടുള്ള പാഠ്യപദ്ധതി പരീക്ഷിച്ചു വിജയിപ്പിച്ചതും മൗലവിയുടെ നേതൃത്വത്തിലായിരുന്നു. മൗലവി തിരൂർക്കാട് ഇലാഹിയാ കോളേജിന്റെ ഭരണസാരഥ്യം വഹിച്ചിരുന്ന കാലഘട്ടമായിരുന്നു ആ സ്ഥാപനത്തിന്റെ സുവർണ കാലം. ഭൗതിക സൗകര്യങ്ങളിൽ വർധനവുണ്ടായെന്നു മാത്രമല്ല ഒട്ടേറെ കരുത്തുറ്റ പ്രവർത്തകരെ സംഭാവന ചെയ്യാനും അക്കാലത്ത് ഇലാഹിയാ കോളേജിന് കഴിഞ്ഞിരുന്നു.

കേരളത്തിലെ ശ്രദ്ധേയമായ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൊന്നായ പെരുമ്പിലാവ് അൻസാറിന്റെ തുടക്കംമുതൽ മൗലവിയായിരുന്നു ചെയർമാൻ. കണ്ണടക്കുംവരെ അദ്ദേഹമാണതിനെ നയിച്ചത്. കാലത്തിന്റെ മുന്നിലായിരുന്നു ആ ക്രാന്തദർശിയുടെ സഞ്ചാരമെന്ന് അൻസാർ കാമ്പസിനുള്ളിൽ പ്രവേശിക്കുന്ന ആർക്കും ബോധ്യപ്പെടും.

സമർഥനായ ഒരധ്യാപകനായിരുന്നു മൗലവി. പൊതുവെ മിതഭാഷിയായ അദ്ദേഹം ക്ലാസ്മുറിയിൽ വാചാലനായിരുന്നു. ഗൗരവപ്രകൃതം പലപ്പോഴും ക്ലാസ്മുറിയിലെത്തുമ്പോൾ കുലുങ്ങിയുള്ള ചിരിക്ക് വഴിമാറിക്കൊടുക്കുമായിരുന്നു. ഇന്ത്യക്കകത്തും പുറത്തും പ്രവർത്തനനിരതരായി ജീവിക്കുന്ന വലിയ ശിഷ്യസമൂഹം അദ്ദേഹത്തിന്റെ ഏറ്റവും വലിയ സമ്പാദ്യമാണ്.

പ്രസ്ഥാനത്തിന്റെ നേതൃനിരയിൽനിന്ന് ഓരോ കണ്ണി അടർന്നുപോകുമ്പോഴും നമ്മെ ആകുലപ്പെടുത്തുന്ന ഒരു ചോദ്യം ഉയരുന്നു: പകരം ആര് ? ഈ ചോദ്യത്തിനുത്തരം കണ്ടെത്താൻ നാം തിരിഞ്ഞുനോക്കേണ്ടത് നമ്മിലേക്കുതന്നെയാണ്. നാം ഓരോരുത്തരും അവരവരുടെ കഴിവുകൾ തിരിച്ചറിഞ്ഞ് വളർത്താനും ദൗത്യനിർവഹണത്തിനായി സ്വയം സമർപ്പിക്കാനും തയാറാവുക. പ്രതിസന്ധികളെ തരണം ചെയ്യാൻ മറ്റു കുറുക്കുവഴികളില്ല.

കാലത്തിന്റെ മുന്നിൽ നടക്കാൻ തിടുക്കം കൂട്ടിയ നേതാവിന്റെ വിയോഗം സൃഷ്ടിച്ച വിടവ് അതിവേഗത്തിൽ നികത്താൻ നമുക്ക് കഴിയുമാറാകട്ടെ. അദ്ദേഹത്തിന്റെ കുടുംബത്തിനും ബന്ധുമിത്രങ്ങൾക്കും അല്ലാഹു ആശ്വാസവും മനസ്സമാധാനവും പകരുമാറാകട്ടെ. അല്ലാഹു അദ്ദേഹത്തിന്റെ കർമങ്ങൾ സ്വീകരിക്കുകയും മഗ്ഫിറത്ത് നൽകുകയും ചെയ്യുമാറാകട്ടെ - ആമീൻ. ■